പന്തളം ഹോളിസ്റ്റിക് ഫൗണ്ടേഷൻ

ഹോളിസ്റ്റിക് സെന്റർ, പൂഴിക്കാട്, പന്തളം, രജി. നമ്പർ 500/2000, ഫോൺ : 04734-2

വൃദ്ധസദനം ഉദ്ഘാടനം ഇന്ന് 3 മണിക്ക്

ഹോളിസ്റ്റിക് ഫൗണ്ടേഷൻ - സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്നു



രാജൻ ജോർജ്ജ്
(സ്ഥാപകൻ)

സ്വപ്നങ്ങൾ ആഗ്രഹങ്ങളായും, ആഗ്രഹങ്ങൾ തീവ്രമായ ആഗ്രഹങ്ങളായും മാറി ലക്ഷ്യത്തിലെത്തി ചേരുമ്പോഴുള്ള ചാരിതാർത്ഥ്യത്തിലാണ് ഹോളിസ്റ്റിക് ഫൗണ്ടേഷൻ അംഗങ്ങൾ. 2000 ഏപ്രിലിൽ ഞങ്ങൾ 17 പേർ ഒത്തു ചേർന്ന് രൂപം കൊടുത്ത ജീവകാരുണ്യ പ്രസ്ഥാനം ഇന്ന് വളർന്നുപന്തലിച്ച് 435 സ്ഥിരാംഗങ്ങളുമായി, പത്തനംതിട്ട ജില്ലയിലെതന്നെ വലിയ സാമൂഹിക പ്രസ്ഥാനമായി മാറികഴിഞ്ഞു. ശരണമന്ത്രങ്ങളുടെ നാടായ പന്തളം കേന്ദ്രമാക്കി തുടങ്ങിയ സംഘടനയുടെ പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനം 20-8-2000ൽ ബഹു. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രൻ നിർവ്വഹിച്ചു. അതേ സദസ്സിൽവച്ച് ശ്രീ. കെ.കെ.നായർ എം.എൽ.എ.തുടക്കംകുറിച്ച "കുടുംബക്ഷേമ പദ്ധതി"യിലൂടെ ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള നിർദ്ധനരും, രോഗികളുമായവർക്ക് മാസംതോറും 250 രൂപാ മണിയോർഡർ വഴി ധനസഹായമെത്തിയ്ക്കുന്നു. ഈ പദ്ധതി ആറു വർഷമായി മുടങ്ങാതെ തുടരുന്നു. മാനസിക സംഘർഷവും, അതിലൂടെയുള്ള ശാരീരിക രോഗങ്ങളും തടയാനായി രൂപംകൊടുത്ത 'ഹോളിസ്റ്റിക് യോഗ കോഴ്സ്' വിജയകരമായി തുടരുന്നു. നിർദ്ധനരും, സമർത്ഥരുമായ വിദ്യാർത്ഥികളെ സഹായിക്കാനായി രൂപംകൊടുത്ത 'സ്കോളർഷിപ്പ് പദ്ധതി'യിലൂടെ 15 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വർഷംതോറും 750 രൂപാ ധനസഹായം നൽകുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ, കൗൺസിലിംഗ് എന്നിവയിലൂടെ ധാരാളമാളുകളെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് സംഘടനയ്ക്കു ലഭിക്കുന്ന സംഭാവനകളെ 80(ജി) പ്രകാരം നികുതിയിൽ നിന്ന് കഴിഞ്ഞ 6 വർഷമായി ഒഴിവാക്കിയിട്ടുണ്ട്.

സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആസ്ഥാന മന്ദിരമായ 'ഹോളിസ്റ്റിക് സെന്റർ' പൂഴിക്കാട്ട് 25 ലക്ഷം രൂപ ചിലവിൽ നിർമ്മിച്ചിട്ടുണ്ട്. പണി പൂർത്തിയാവുമ്പോൾ മൂന്നു നിലകളിലായി 15000 ചതുരശ്ര അടി വിസ്താരമുള്ള കെട്ടിട സമുച്ചയമായിരിക്കും.1 ലക്ഷം രൂപയോ അതിൽ കൂടുതലോ തുക നൽകി മുറികൾ സ്പോൺസർ ചെയ്തിട്ടുള്ളവരെ Holistic Honourable fellow (HHF)പദവി നൽകിയും, 10,000 രൂപയും അതിൽ കൂടുതലും തുക സംഭാവന നൽകി സഹായിച്ചിട്ടുള്ളവരെ Holistic fellow (HF) പദവി നൽകി സംഘടന ആദരിക്കുന്നു. അംഗങ്ങളുടെ ഇടയിൽ സൗഹൃദം വളർത്താനായി "ഹോളിസ്റ്റിക് കൾച്ചറൽ ഫോറം" പ്രവർത്തിക്കുന്നു. വനിതകളുടെ ഒത്തുചേരലിനായി 'വനിതാ ഫോറവും' യുവാക്കളുടെ ഒത്തുചേരലിനായി 'സീസൺസ് ക്ലബ്ബും' നിലവിലുണ്ട്. സംഘടനയുടെ വിവിധ ചടങ്ങുകളിൽ മന്ത്രിമാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. സി.എഫ്. തോമസ്, ശ്രീ. കെ.കെ. ഷാജു എം.എൽ.എ., ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ Ex. MLA., പ്രൊഫ. പി.ജെ. കുര്യൻ എം.പി., ശ്രീ. ജോർജ്ജ് വർഗീസ് (UNI), ഡോ. പി. എം.മാത്യു വെല്ലൂർ, ബ്രഹ്മചാരി ശിവാമൃത ചൈതന്യ (തിരുവനന്തപുരം) സ്വാമി തപസ്യാനന്ദ (പന്തളം) എന്നിവർ പങ്കെടുത്തിട്ടുണ്ട്.

ഫൗണ്ടേഷന്റെ പദ്ധതികളിൽ മുഖ്യമായ 'ഹോളിസ്റ്റിക് വൃദ്ധസദനം' ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളെ സൗജന്യമായി താമസിപ്പിച്ച് അവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവയെല്ലാം അംഗങ്ങൾ നൽകുകയാണ്. അന്തേവാസികളുടെ ചികിത്സാ കാര്യങ്ങൾ ചിത്രാ ഹോസ്പിറ്റലും, സി.എം. ഹോസ്പിറ്റലുമാണ് നിർവ്വഹിക്കുന്നത്. അംഗങ്ങളെ കൂടാതെ പള്ളികൾ, കരയോഗങ്ങൾ, ക്ലബ്ബുകൾ എന്നിവയുടെ നിർലോഭമായ സഹകരണം ഈ പദ്ധതിക്കുണ്ട്. ജന്മദിനം, വിവാഹവാർഷികം, വിവാഹം തുടങ്ങിയ മംഗള മുഹൂർത്തങ്ങളിൽ അന്തേവാസികൾക്ക് ഭക്ഷണവും വസ്ത്രവും സ്പോൺസർ ചെയ്തു നൽകാവുന്നതാണ്. വൃദ്ധസദനത്തിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ ഫൗണ്ടേഷൻ ഓഫീസുമായി ബന്ധപ്പെടണം.

സംഘടനയുടെ വളർച്ചയിൽ ധാരാളം ആളുകളോട് കടപ്പെട്ടിരിക്കുന്നു. സംഘടനാ രൂപീകരണത്തിനു സഹായിച്ച സ്ഥാപക അംഗങ്ങൾ, കെട്ടിടത്തിന്റെ പ്ലാൻ, സൂപ്പർവിഷൻ എന്നിവ സൗജന്യമായി ചെയ്ത ശ്രീ. ജോസ് ശങ്കരത്തിൽ, കെട്ടിടം പണി കൃത്യമായി നിർവ്വഹിച്ച കോൺട്രാക്ടർ ശ്രീ. പി.സി. ജോർജ്ജുകുട്ടി (മോഡേൺ കൺസ്ട്രക്ഷൻ), മെമ്പർഷിപ്പ് എടുത്തും HF/HHF പദവി നേടിയും സഹായിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ, സപ്ലിമെന്റിലേക്ക് പരസ്യം സമ്പാദിച്ചവർ, വിവിധ ജീവകാരുണ്യ പദ്ധതികളിലേക്ക് സംഭാവന നൽകിയവർ, ഇതുവരെയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ച പന്തളത്തെ ബഹുമാന്യരായ രാഷ്ട്രീയ നേതാക്കൾ, ജനപ്രതിനിധികൾ, മതനേതാക്കാൾ എന്നിവരോടും സംഘടന കടപ്പെട്ടിരിക്കുന്നു.

Holistic Honourable Fellows (HHF)



വർഗീസ് ദാനിയേൽ



ജോസഫ് ജോൺ

ജോർജ്ജ് ദാനിയേൽ



എച്ച്.എം.റാവുത്തർ



എം.കെ.ആർ. പിള്ള

എൻ.ജി സാമുവേൽ

ബാബു കോശി

കെ.ജി. ഉണ്ണൂണ്ണി



വർഗീസ് മാമ്മൻ

പി.എം.ജോസ്

പ്രോഗ്രാം

പ്രാർത്ഥന	: ശ്രീ. പി. ഗോപാലൻനാ
സ്വാഗത പ്രസംഗം	: ശ്രീ. പി.സി. ജേക്കബ്ബ്
അദ്ധ്യക്ഷ പ്രസംഗം	: ശ്രീ. രാജൻ ജോർജ്ജ് (സ്ഥാപക രക്ഷാധികാരി)
ഹോളിസ്റ്റിക് വൃദ്ധസദനം ഉദ്ഘാടനം മുഖ്യ പ്രഭാഷണവും അവാർഡ് വിതരണവും	: അഡ്വ. സി.എസ്.
ആശംസാപ്രസംഗങ്ങൾ	: ഡോ. ബി. അശോക (ബഹു. പത്തനംതിട്ട ജില്ലാ
	ശ്രീമതി അഷിനഴികത്ത (ജില്ലാപഞ്ചായത്ത് പ്രസിഡന്റ്)
	ശ്രീ. എൻ.ജി. സുരേ (ജില്ലാ പഞ്ചായത്ത് അംഗം)
	ശ്രീ. എം. സുകുമാരപ (സി.പി.ഐ.സംസ്ഥാന കമ്മറ്റി അം
	അഡ്വ. കെ. പ്രതാപൻ (മുൻ ജില്ലാ പഞ്ചാ. വൈസ്പ്ര
	ശ്രീ. കെ.പി. ചന്ദ്രശേ (ബ്ലോക്ക് പഞ്ചാ. വൈസ്പ്രസ
	ശ്രീ. തൈക്കൂട്ടത്തിൽ (MPI ചെയർമാൻ)
	ശ്രീ. കെ.ആർ രവി (ബ്ലോക്ക് പഞ്ചായത്ത് അംഗം)
	ശ്രീ. പി.ജി. അനിൽക (ബ്ലോക്ക് പഞ്ചായത്ത് അംഗം)
	ശ്രീമതി സുജാ രാജു (ഗ്രാമപഞ്ചായത്ത് അംഗം)
കൃതജ്ഞത	: ശ്രീ. ജോൺ തുണ്ടിൽ (ഫിനാൻസ് കൺവീനർ)



ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി

JEWELLERS
രാജ
ജ്യുവലേ
GOLD DIAMONS B
പന്തളം
ഫോൺ : 253574
കായം
ഫോൺ: